# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5200 — 24-10-2011-ൽ മറുപടിയ്ക്ക്

## താനൂർ-കൂട്ടായി കനാലിന് കുറുകെ നടപ്പാത

| ചോദ്യം : ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ താനൂർ നിയോജകമണ്ഡലത്തിലെ താനൂർ - കൂട്ടായി കനാലിന് കുറുകെ അഞ്ചിടങ്ങളിൽ നടപ്പാത നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br>(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ നടപ്പാത നിർമ്മിക്കുക; അവയുടെ പേര് വ്യക്തമാക്കുമോ; | (എ)&(ബി) മലപ്പുറം ജില്ലയിൽ താനൂർ നിയോജകമണ്ഡലത്തിലെ താനൂർ-കൂട്ടായി കനാലിന് കുറുകെ 4 ഇടങ്ങളിലാണ് നടപ്പാലങ്ങൾ നിർമ്മിക്കുന്നത്.<br>**1.** നിറമരുതൂർ പഞ്ചായത്തിലെ ടി.കെ കനാലിന് കുറുകെ ചെയിനേജ് 340.80 കിലോമീറ്ററിൽ പുതിയ കടപ്പുറം നടപ്പാലം പുനർ നിർമ്മാണം (മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാ ക്കാനുണ്ട്.)<br>**2.** താനൂർ പഞ്ചായത്തിൽ ടി.കെ കനാലിനു കുറുകെ ചെയിനേജ് 342.40 കിലോമീറ്ററിൽ അഞ്ചുടി നടപ്പാലത്തിന്റെ പുനർനിർമ്മാണം.<br>**3.** താനൂർ പഞ്ചായത്തിൽ ടി.കെ കനാലിനു കുറുകെ ചെയിനേജ് 348.268 കിലോമീറ്ററിൽ ചാപ്പപ്പടി നടപ്പാലത്തിന്റെ നിർമ്മാണം.<br>**4.** ചീരൻ കടപ്പുറത്ത് ടി.കെ.കനാലിന് കുറുകെ ചെയിനേജ് 344.973 കിലോമീറ്ററിൽ നടപ്പാലത്തിന്റെ പുനർ നിർമ്മാണം.(പ്രവൃത്തി പൂർത്തീകരിച്ചു.)<br><br>**2,3** എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതിയ നിരക്കിൽ റിവൈസ് ചെയ്യേണ്ടതുണ്ട്. |
| (സി) പദ്ധതിക്കായി എന്ത് തുക വിനിയോഗി ക്കുമെന്ന് വ്യക്തമാക്കുമോ; | (സി) മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 61.00 ലക്ഷം രൂപ ആവശ്യമുണ്ട്. ഇത് ഉൾനാടൻ ജലഗതാഗതം സംസ്ഥാനാ വിഷ്കൃത ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ ഇനത്തിൽ 11.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവർത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ